| | പ്രസ്സിന്റെ പേര് | പ്രിന്റിംഗ് ചാർജ് | അച്ചടി പൂർത്തിയാക്കിയ പുസ്തകങ്ങളുടെ എണ്ണം |
|---|---|---|---|
| 3. | കെ. സി. എം. സി. ചിദമ്പരം നാടാർ ആന്റ് സൺസ്, ശിവകാശി | 11,00,000 | 17,61,710 |
| 4. | കോട്ടയം പ്രിന്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, ശിവകാശി | 39,50,000 | 10,15,230 |
| 5. | രേവതി ഓഫ്സെറ്റ് പ്രിന്റ്, ശിവകാശി | 40,25,700 | 11,67,350 |
| 4. | ലിബർട്ടി ഓഫ്സെറ്റ് പ്രിന്റേഴ്സ്, ആഴ്ചവട്ടം, കോഴിക്കോട് | 32,00,000 | 9,31,150 |

## മാറ്റമുള്ള പാഠപുസ്തകങ്ങളുടെ അച്ചടി

110 [726] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ അദ്ധ്യയന വർഷം ഏതെല്ലാം ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾക്കാണ് മാറ്റമുണ്ടായതെന്ന് വ്യക്തമാക്കാമോ;

(ബി) പാഠപുസ്തകങ്ങൾ അച്ചടിക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്;

(സി) പാഠപുസ്തകങ്ങൾ സ്കൂൾ തുറക്കുന്ന സമയത്തുതന്നെ ലഭ്യമാക്കുന്നില്ലായെന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഇ) സ്വകാര്യ പ്രസ്സുകളെ പാഠപുസ്തകങ്ങളുടെ അച്ചടി ഏൽപ്പിക്കുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് സ്വീകരിച്ചിട്ടുള്ളത്?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നാല്, അഞ്ച്, പത്ത് ക്ലാസ്സുകളിലെ ഭാഷാ ഉപപാഠപുസ്തകങ്ങൾ ഒഴികെയുള്ള പുസ്തകങ്ങൾക്കാണ് മാറ്റം വന്നിട്ടുള്ളത്. എന്നാൽ ആറ്, ഒൻപത് ക്ലാസ്സുകളിലെ അറബിക് ഓറിയന്റൽ സ്കൂളുകളിലേക്ക് പ്രത്യേക പാഠപുസ്തകങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) പാഠപുസ്തക അച്ചടി സംബന്ധിച്ച കാര്യങ്ങൾ വിലയിരുത്തുന്നതിനും വിശകലനം ചെയ്യുന്നതിനും ഗവൺമെന്റിൽ ഒരു ഉന്നതതല കമ്മിറ്റിയുണ്ട്. സർക്കാർ മേഖലയിലെ പ്രസ്സുകൾക്കും ഗവൺമെന്റ് പ്രസ്സുകൾക്കും അവരുടെ കർമ്മശേഷിക്ക് അനുസരണമായി ആയത് വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിലാണ് പ്രിന്റ് ഓർഡർ നൽകിയിട്ടുള്ളത്. ബാക്കിയുള്ള പുസ്തകങ്ങൾ ഏറ്റവും കുറഞ്ഞ നിരക്കിൽ അച്ചടിക്കുന്നതിന് രേഖാമൂലം ടെൻഡർ സമർപ്പിച്ചിട്ടുള്ളവർക്ക് നിയമാനുസൃതമായ സ്റ്റോർ പർച്ചേസ് നിയമങ്ങൾക്കും ഹൈക്കോടതി വിധിയുടേയും അടിസ്ഥാനത്തിലാണ് ഇപ്രാവശ്യം പ്രിന്റ് ഓർഡർ നൽകിയിട്ടുള്ളത്.

(സി, ഡി) ഉണ്ട്. എല്ലാ പാഠപുസ്തകങ്ങളും സ്കൂൾ തുറക്കുന്ന സമയത്തുതന്നെ ലഭ്യമാക്കണമെന്ന ലക്ഷ്യബോധത്തോടുകൂടിയാണ് അച്ചടി ജോലി വിവിധ പ്രസ്സുകളെ ഏൽപ്പിച്ചിട്ടുള്ളത്. സർക്കാർ മേഖലയിലെ പ്രസ്സുകളെ വളരെ നേരത്തെ തന്നെ അച്ചടി ജോലി ഏൽപ്പിക്കുകയുണ്ടായി. തൻമൂലം 10-ാം ക്ലാസ്സിലെ പുസ്തകങ്ങൾ ഏപ്രിലിൽ തന്നെ സംസ്ഥാനത്തിലുടനീളം ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്. പ്രൈവറ്റ് പ്രസ്സുകൾക്ക് പ്രിന്റ് ഓർഡർ നൽകുന്നതു സംബന്ധിച്ച കാര്യങ്ങൾ വളരെ നേരത്തെ തുടങ്ങിയെങ്കിലും അത് വിവാദമായി മാധ്യമങ്ങൾ ചിത്രീകരിച്ചതിനാൽ നടപടികൾ നിർത്തിവെക്കേണ്ടി വന്നു. തുടർന്ന് ഇതു സംബന്ധിച്ച നടപടികൾ വീണ്ടും ആവർത്തിക്കേണ്ടി വന്നു. എന്നാൽ ഇത് സംബന്ധിച്ച് ഒരു കേസ് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ മുമ്പാകെ വരുകയും അത് തീർപ്പാക്കി തീരുമാനമെടുക്കുന്നതുവരെ വീണ്ടും നടപടികൾ നിറുത്തിവെക്കേണ്ടിവരികയും ചെയ്തു. പാഠപുസ്തക വിതരണം 4, 5, 8, 9 ക്ലാസ്സുകളൊഴിച്ച് മിക്കവാറും എല്ലാ ക്ലാസ്സുകളിലേയും ഏതാണ്ട് പൂർത്തിയായിട്ടുണ്ട്. മേൽപ്പറഞ്ഞ ക്ലാസ്സുകളിലെ പുസ്തകങ്ങളുടെ അച്ചടി പൂർത്തിയായി വരുന്നു. ഏതാണ്ട് 75 ശതമാനം പുസ്തകങ്ങളുടെ വിതരണവും നടത്തിക്കഴിഞ്ഞു. ബാക്കിയുള്ളവയുടെ അച്ചടിയും വിതരണവും ഉടനെ പൂർത്തിയാക്കുന്നതാണ്.

(ഇ) സ്റ്റോർ പർച്ചേസ് നിയമം അനുസരിച്ച് മൽസര ടെൻഡറുകൾ ക്ഷണിച്ച് ഏറ്റവും കുറഞ്ഞ നിരക്കിൽ പുസ്തകങ്ങൾ അച്ചടിച്ചു നൽകുന്നതിനു രേഖാമൂലം ടെൻഡർ സമർപ്പിച്ചിട്ടുള്ളവർക്ക് സ്റ്റോർ പർച്ചേസ് നിയമങ്ങൾക്കും ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിശോധനാനന്തര നിർദ്ദേശങ്ങൾക്കും വിധേയമായിട്ടാണ് ഇപ്രാവശ്യം അച്ചടി ജോലി ഏൽപ്പിച്ചിട്ടുള്ളത്. അല്ലാതെ പ്രത്യേക മാനദണ്ഡങ്ങൾ ഒന്നും തന്നെ ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly